# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 308 — 05.03.2012 ലെ മറുപടിയ്ക്ക്

### ലോട്ടറി മേഖല

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ഹൈബി ഈഡൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ലോട്ടറി മേഖലയെ സംഘടിതമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) | ആഴ്ചയിൽ ഒരു നറുക്കെടുപ്പ് എന്നത് ഏഴായി വർദ്ധിപ്പിക്കുകയും ചെറുകിട ഏജന്റുമാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ കമ്മീഷൻ വ്യവസ്ഥകൾ ക്രമീകരിക്കുകയും ഏജന്റുമാരുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ അനുസരിച്ച് സമ്മാന ഘടനകൾ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | ഭാഗ്യക്കുറി വിൽപ്പനയിലും വിറ്റു വരവിലും സർവ്വകാല റെക്കാർഡ് ഉണ്ടായിട്ടുണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണ് ; | (ബി) | മേൽപറഞ്ഞ നടപടികളും, അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും സംസ്ഥാന ഭാഗ്യക്കുറി വിൽപ്പന വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട് |
| (സി) | ലോട്ടറി ഏജന്റുമാരുടെ ക്ഷേമത്തിന് പരമപ്രാധാന്യം നൽകുന്നതിന് നടപടികൾ എടുക്കുമോ ? | (സി) | ലോട്ടറി ഏജന്റുമാരുടെ ക്ഷേമത്തിനായി സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് മുഖാന്തിരം ഏജന്റുമാർക്കും വിൽപ്പനക്കാർക്കുമായി നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ